വകപ്പുകളിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിന് പകരമായി വാഹനം വാടകയ്ക്ക് മാത്രമേ എടുക്കാവൂ, പുതുതായി ആരംഭിക്കുന്ന ഓഫീസുകളിൽ വാടകയ്ക്ക് മാത്രമേ വാഹനം അനുവദിക്കാവൂ, ദീർഘകാല ശമ്പളരഹിത അവധി അനുവദിക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകൾ താത്ക്കാലികമായി മാത്രമേ നികത്താവൂ തുടങ്ങിയ നിർദ്ദേശങ്ങളും 11-10-13-ലെ 515/2013/ധന നമ്പർ ഉത്തരവുകൾ പ്രകാരം നൽകിയിട്ടുണ്ട്. 11-10-13-ലെ സ.ഉ.(പി) നമ്പർ.515/13/ധന, 28-11-2013-ലെ സ.ഉ.(പി)നമ്പർ. 580/13/ധന എന്നീ ഉത്തരവുകൾവഴി ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിൽ ഏതാനും വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ധന ഉത്തരവാദിത്ത (ഭേദഗതി) നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ലക്ഷ്യത്തിനുള്ളിൽതന്നെ സംസ്ഥാനത്തിന്റെ കടബാദ്ധ്യത നിലനിർത്തുവാൻ സാധിച്ചിട്ടുള്ളതിനാലും 14-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം കേന്ദ്രവിഹിതത്തിലുണ്ടായിട്ടുള്ള വർദ്ധനവും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ധവളപത്രം പുറപ്പെടുവിക്കാനുള്ള ഒരു സാഹചര്യം സംസ്ഥാനത്ത് ഇപ്പോൾ നിലനിൽക്കുന്നില്ല.

മലിനീകരണ നിയന്ത്രണം

19 (*49) ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തരീക്ഷ മലിനീകരണ നിയന്ത്രണത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തെക്കുറിച്ച് വിശദമാക്കുമോ ;

(ബി) വാഹനങ്ങളുടെ മലിനീകരണം നിയന്ത്രിക്കാൻ നിലവിലുള്ള സംവിധാനം ഫലപ്രദമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) പട്ടണങ്ങളിലെ അന്തരീക്ഷ മലിനീകരണതോത് എത്രയാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കുന്നതിനായി 1981-ലെ വായുമലിനീകരണ നിവാരണ നിയന്ത്രണ നിയമം, സംസ്ഥാന മലിനീകരണ

LIBRARY ARCHIVES Kerala Legislative Assembly

നിയന്ത്രണ ബോർഡുവഴി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്. അന്തരീക്ഷത്തിലേക്ക് ചിമ്മിനികൾവഴിയും അല്ലാതെയും വായു ബഹിർഗമനം നടത്തുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ആവശ്യമാണ്. ഇതുവഴി സ്ഥാപനങ്ങളിൽനിന്ന് അന്തരീക്ഷത്തിലേക്ക് കലരാനിടയുള്ള മാലിന്യ ഘടകങ്ങളുടെ അളവ് നിയന്ത്രിക്കാനും അതുവഴി അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കാനും കഴിയുന്നുണ്ട്. വാഹനങ്ങളിൽ നിന്നുള്ള അന്തരീക്ഷ മലിനീകരണം തടയുന്നതിന് സംസ്ഥാന മോട്ടോർ വാഹന വകുപ്പും നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(ബി) വാഹനങ്ങളിൽ നിന്നുള്ള അന്തരീക്ഷ മലിനീകരണം പൂർണ്ണമായി നിയന്ത്രിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും വാഹനങ്ങളിൽ നിന്നുള്ള പുകമലിനീകരണം മൂലമുള്ള അന്തരീക്ഷ മലിനീകരണം തടയുന്നതിനായി ഒരു വർഷത്തിനുമേൽ പഴക്കമുള്ള വാഹനങ്ങളിൽ 6 മാസത്തിൽ ഒരിക്കൽ പുകപരിശോധന നടത്തുന്നത് നിർബന്ധമാക്കിയും പുകമലിനീകരണം ഉണ്ടാക്കുന്നുവെന്ന് സംശയിക്കപ്പെടുന്ന വാഹനങ്ങളെ പുക പരിശോധനാ കേന്ദ്രത്തിൽ വച്ച് പരിശോധിക്കുകയും ആവശ്യമെങ്കിൽ പിഴ ഈടാക്കിയും ഇത്തരം വാഹനങ്ങളെ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി വീണ്ടും പരിശോധനയ്ക്ക് വിധേയമാക്കിയും മലിനീകരണം തടയാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. നഗരങ്ങളിലെ വായുവിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനായി സംസ്ഥാനത്ത് 20 കേന്ദ്രങ്ങളിൽ നിരന്തരമായി നിരീക്ഷിച്ച് അപഗ്രഥനം ചെയ്യുന്നുണ്ട്. കോട്ടയം, എറണാകുളം, കണ്ണൂർ എന്നി സ്റ്റേഷനുകളിൽ നിന്നുള്ള റിപ്പോർട്ട് പ്രകാരം അവിടത്തെ അന്തരീക്ഷ വായുവിലെ പൊടിപടലത്തിന്റെ അളവ് അനുവദനീയ വാർഷിക പരിധിയേക്കാളും (60 മൈക്രോഗ്രാം/m3) കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ പട്ടത്തെ ആസ്ഥാന ഓഫീസിൽ നിരന്തര വായുമേന്മ പരിശോധനാ കേന്ദ്രം (continuous Ambient Air Quality Monitoring Station) സ്ഥാപിച്ച് വായു ഗുണനിലവാര പരിശോധനാ ഫലങ്ങൾ ഡിസ്പ്ലേ ബോർഡ് മുഖാന്തിരം പ്രദർശിപ്പിച്ച് വരുന്നുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് നടപടി

20 (*50) ശ്രീ. ബി. സത്യൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly